LIBRARY ARCHIVES Kerala Legislative Assembly

പൊന്നാണി-പാലക്കാട് ഹൈവേയുടെ നിർമ്മാണം

76 [692] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗതാഗത പ്രോജക്ടിന്റെ ഭാഗമായി പണി നടക്കുന്ന പൊന്നാണി-പാലക്കാട് ഹൈവേയിൽ കുളപ്പുള്ളി മുതൽ പാലക്കാട് വരെയുള്ള വർക്കിന്റെ മൊത്തം മതിപ്പ് ചെലവ് എത്രയാണ്;

(ബി) ഈ വർക്ക് എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർക്കിനുവേണ്ടി റോഡ് സൈഡിലുള്ള എത്ര മരങ്ങൾ മുറിച്ചു മാറ്റി;

(ഡി) മരങ്ങൾ മുറിച്ചുമാറ്റിയ വകയിൽ എന്തു തുക ലഭിച്ചു;

(ഇ) ഈ വർക്കിന്റെ സാങ്കേതിക മേൽനോട്ടം ആരാണ് നിർവ്വഹിക്കുന്നത്;

(എഫ്) ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായ കുളപ്പുള്ളി-പൊന്നാണി റോഡിന്റെ പണി ആരംഭിക്കുന്നതെന്നാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 82 കോടി രൂപ.

(ബി) 2006-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 596 മരങ്ങൾ.

(ഡി) 20.6 ലക്ഷം രൂപ + നികുതി 3,99,411 രൂപ.

(ഇ) 'റൈറ്റ്സ്' (കേന്ദ്ര പൊതുമേഖലാ സ്ഥാപനം)

(എഫ്) പണി സാമഗ്രികളുടെ ഗുണനിലവാരം പണികൾ ആരംഭിക്കുന്നതിനു മുമ്പ് പരിശോധിച്ചും പണികളുടെ ഗുണനിലവാരം പണികൾ നടക്കുന്ന മുറയ്ക്ക് ലബോറട്ടറിയിൽ വച്ച് ടെസ്റ്റ് ചെയ്തും ഉറപ്പുവരുത്തുന്നു.

(ജി) കുളപ്പുള്ളി-പൊന്നാണി റോഡിന്റെ പണി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.